# Holy Voice

## Parish Bulletin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192

പുസ്തകം 3 സെപ്തംബർ 2013

**എഡിറ്റർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

**പേജുകളിലൂടെ...**

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയശബ്ദം | 5 |
| മതബോധനം അറിയിപ്പുകൾ | 6 |
| ബാലപംക്തി | 9 |
| കുരിശുമരത്തിന്റെ തണലിൽ | 11 |
| മദ്യം ഒരു സാമൂഹ്യവിപത്ത് | 12 |
| 2013ൽ ഒരു ഓണം | 15 |
| പദപ്രശ്നം | 20 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 25 |
| ഗദ്യകവിത | 27 |
| സഭാവാർത്തകൾ | 29 |
| ജാലകത്തിലൂടെ | 33 |
| പിന്നിട്ട ലോകം | 35 |
| കുടുംബസമ്മേളന കേന്ദ്രസമിതി | 37 |
| ഡീക്കന് നന്ദി | 39 |
| കളർകൊടുക്കൂ സമ്മാനം നേടൂ | 40 |
| ബൈബിൾ കലണ്ടർ | 44 |



# ഹോളി വോയ്സ്



## പ്രതിഷ്ഠാകുരിശ്

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പാരിഷ് ബുള്ളറ്റിൻ

സെപ്തംബർ 2013



# വി. കുരിശിന്റെ തിരുശേഷിപ്പ്

ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

# എഡിറ്റോറിയൽ



പൊന്നിൻ ചിങ്ങത്തിലെ പൊൻപൂലരികൾക്ക് നിറചാരുത നൽകികൊണ്ട് വീണ്ടുമൊരു ഓണക്കാലം ആഗതമായിരിക്കുന്നു. സർവ സമഭാവന വിഭാവനം ചെയ്യപ്പെട്ട ഒരു കാലഘട്ടത്തിന്റെ ഓർമ്മ ഇന്നിന്റെ ജനതയിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്ന ആഘോഷവേളയാണിത്. നമ്മൾ മാപ്രാണത്തുകാരെ സംബന്ധിച്ചിടത്തോളം നമ്മുടെ വിശ്വാസത്തിന്റെ തിലകക്കുറിയായ കുരിശുമുത്തപ്പന്റെ തിരുനാളും ഇക്കൊല്ലം ഓണനാളുകളിലാണ് എന്നത് ഏറ്റവും സന്തോഷകരം തന്നെ. ആഘോഷങ്ങളൊക്കെതന്നെ നേരത്തെ സൂചിപ്പിച്ചതുപോലെ ചില ഓർമ്മപ്പെടുത്തലുകളാണ്. എന്നാൽ അഭിനവ ആഘോഷങ്ങളിലെ അനീതികരവും ആശാസ്യകരവുമല്ലാത്ത പ്രവണതകൾ പലപ്പോഴും പാരമ്പര്യങ്ങളെ തമസ്കരിക്കുന്നു. അന്യവത്ക്കരിക്കപ്പെട്ട സഹോദരനെ മാറ്റി നിർത്തികൊണ്ടും മദ്യത്തിന്റെ അതിപ്രസരത്തിലും വിശുദ്ധി നഷ്ടപ്പെടുത്തികൊണ്ട്, നമ്മൾ നടത്തുന്ന ആഘോഷങ്ങൾ വളർന്നുവരുന്ന തലമുറയ്ക്ക് തെറ്റായ സന്ദേശമാണ് നൽകുന്നത്. രൂപത ലഹരിവിമുക്ത വർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ നമ്മുടെ ആഘോഷങ്ങളെയും ആചാരങ്ങളെയും മദ്യത്തിൽ മുക്കി കൊല്ലാതിരിക്കാൻ നമുക്കു പ്രതിജ്ഞയെടുക്കേണ്ടതുണ്ട്.

മുത്തപ്പന്റെ തിരുനാളിനോടനുബന്ധമായ നവനാൾ വി. കുർബ്ബാനയും നൊവേനകളും അനുഗ്രഹത്തിന്റെ അസുലഭ നിമിഷങ്ങളാണ് എല്ലാവർക്കും സമ്മാനിക്കുന്നത്. ഭക്തിയോടെയും വിശ്വാസ തീക്ഷ്ണതയോടെയും അതിൽ പങ്കുകൊള്ളാൻ നമുക്ക് ഒരുങ്ങാം. നമ്മുടെ മനസ്സിന്, നമ്മുടെ ശരീരത്തെയും ചിന്തകളേയും നിയന്ത്രിക്കാനുള്ള കഴിവ് നേടുന്നതിന് നമ്മെ തന്നെ തയ്യാറാക്കാം. സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഓണനാളുകളെ വിശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും പ്രവൃത്തികൾ കൊണ്ട് പൂർണ്ണമാക്കാൻ നമുക്കു ശ്രമിക്കാം. ലോകത്തെ വളരെ സാകൂതം വീക്ഷിക്കുന്ന പൂക്കളെപോലെ നൈർമ്മല്യം നേടാനായി, ഈ വർഷത്തെ കുരിശുമുത്തപ്പന്റെ തിരുനാളാഘോഷങ്ങൾ നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാവർക്കും ഓണത്തിന്റെയും തിരുനാളിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.

സ്നേഹപൂർവം

ജോർജ്ജ് എറാട്ടുകാരൻ
എഡിറ്റർ




യേശുവിൽ ഏറ്റവും അനുഗ്രഹിക്കപ്പെട്ടവരെ,


സാർവ്വത്രിക സഭ വിശുദ്ധ കുരിശിന്റെ മഹത്വം പ്രഘോഷിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന സെപ്തംബർ 14ന് തന്നെ തീർത്ഥാടന ദൈവാലയമായ നമ്മുടെ ഇടവകയുടെ പ്രതിഷ്ഠയായ വി. കുരിശിന്റെ തിരുനാൾ, കുരിശുമുത്തപ്പന്റെ തിരുനാളായി ഭക്ത്യാദരപൂർവം നമ്മളും ആഘോഷിക്കുകയാണല്ലോ. ചരിത്രമുറങ്ങുന്ന മാപ്രാണം ഇടവകയ്ക്കും ഇടവക സമൂഹത്തിനും ഒത്തിരിയേറെ ധന്യതയുടെയും അനുഗ്രഹത്തിന്റെയും ആത്മനിർവൃതിയുടെയും ദിവസങ്ങളായിരിക്കണം സെപ്തംബർമാസം. ദൈവമാതാവാകുവാൻ ഭാഗ്യം ലഭിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവി തിരുനാളിന് ഒരുക്കമായുള്ള എട്ടു നോമ്പാചരണത്തോടെ ആരംഭിക്കുന്ന സെപ്തംബർ മാസത്തിലെ 4-ാം തിയ്യതി മുതൽ 21-ാം തിയ്യതി എട്ടാമിട തിരുനാളിനോടനുബന്ധിച്ചുള്ള നേർച്ച ഊട്ടുവരെ, അനുഗ്രഹത്തിന്റെ വരമാരി പെയ്തിറങ്ങുന്ന ദിവസങ്ങളാണ് മാപ്രാണം ഇടവകയിൽ. പിതാവായ ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തിന്റെ പൂർണ്ണത മനുഷ്യനു നൽകികൊണ്ട് മാനവരക്ഷ സാധ്യമാക്കിയതും പൂർത്തിയാക്കിയതും മനുഷ്യനായി അവതരിച്ച യേശുക്രിസ്തു കൊടും യാതനകളോടെ പീലാത്തോസിന്റെ കൊട്ടാരത്തിൽ നിന്നും കാൽവരി വരെ ചുമന്ന ഭാരമേറിയ മരക്കുരിശിൽ തന്റെ ജീവിതം ബലിയായി സമർപ്പിച്ചപ്പോഴാണ്.

ആ പവിത്രമായ മരക്കുരിശിന്റെ തിരുശേഷിപ്പും നമ്മുടെ പള്ളിയിൽ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നുള്ളത് നമുക്ക് ഏറെ അനുഗ്രഹദായകമാണ്. അത് യേശു ക്രിസ്തുവിന്റെ തിരുസാന്നിദ്ധ്യം തൊട്ടനുഭവിക്കുവാൻ നമുക്ക് അവസരം നൽകുന്നു. ഇത്രയധികം ധന്യമായ ഒരു ഇടവകയുടെ മക്കളാണെന്നതിൽ എല്ലാ ഇടവകാംഗങ്ങളും അഭിമാന പുളകിതരാകണം. യഹൂദ ജനത്തിന് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായ കുരിശ് നമുക്ക് രക്ഷയുടെയും വിശ്വാസത്തിന്റെയും അടയാളമാണ്.

വിശുദ്ധ കുരിശിന്റെ നാമത്തിൽ ആരംഭിക്കുന്ന നമ്മുടെ പ്രാർത്ഥനകളും കൂദാശകളും, ഓരോ ദിവസത്തെയും വ്യത്യസ്തമായ പുതുസംരംഭങ്ങളും, വിശുദ്ധ കുരിശിന്റെ രക്ഷാകര ചൈതന്യവും സംരക്ഷണവും വിളിച്ചോതുന്നതാണ്. ഏതൊരു വിജയത്തിന്റെയും പുറകിൽ ത്യാഗത്തിന്റെ

# ഹോളിവോയ്സ്

# എഡിറ്റോറിയൽ ബോർഡ്


റവ. ഫാ. ജോസ് മാളിയേക്കൽ
വികാരി & മാനേജിംഗ് എഡിറ്റർ


ജോസ് ചെങ്ങാലൂക്കാരൻ
ട്രസ്റ്റി


ജോസഫ് കാച്ചപ്പിള്ളി
ട്രസ്റ്റി &
ഹോളിവോയ്സ് സെക്രട്ടറി


സൈമൺ ചാക്കോരു
ട്രസ്റ്റി


ജോർജ് എറാട്ടുകാരൻ
എഡിറ്റർ


ജെസ്സിൻ ജോസ് എം.
സബ്ബ് എഡിറ്റർ


ജെയിംസ് മാളിശ്ശേരി
മാനേജർ, പരസ്യം


അനൂപ് ബേബി
അറയ്ക്കൽ
ട്രഷറർ


സി. ഡെൽന മരിയ
FCC, മാപ്രാണം


ബീന ജോസ്
ചോലങ്കാടൻ


ക്രിസ്റ്റി പോളി
ആട്ടുചങ്ങാടൻ


ജോഷി മണ്ണളി


അനസ് അറയ്ക്കൽ


ആന്റണി കല്ലാപറമ്പിൽ

---

## മതബോധനം അറിയിപ്പുകൾ

പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവി തിരുനാൾ - സെപ്തംബർ 08

രൂപത ദിനം - സെപ്തംബർ 10

**ലോഗോസ് ക്വിസ് പരീക്ഷ : സെപ്തംബർ 29 ഞായർ 2 p.m. to 3.30 p.m.വരെ.**

പാഠഭാഗം : ലേവ്യർ 1-14, വി. ലൂക്കായുടെ സുവിശേഷം 1-12, വി. യോഹന്നാൻ എഴുതിയ 1-ാം ലേഖനം. **മത ബോധന അർദ്ധ വാർഷിക പരീക്ഷ**

S.T.D VIII - XII ഒക്ടോബർ 6 ഞായർ 2.00 p.m - 4.00 p.m

S.T.D I - VII ഒക്ടോബർ 13 ഞായർ 2.00 p.m - 4.00 p.m

സെപ്തം. 8-ാ തിയ്യതിയിലെ മതബോധന ക്ലാസ്സ് രാവിലെ 9 മുതൽ 10.15 വരെ ആയിരിക്കും. തുടർന്ന് വി. കുർബ്ബാന. സെപ്തം.15-ാം തിയ്യതി മതബോധന ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.

ഓർമ്മപ്പെടുത്തലുകളുണ്ട്. മനുഷ്യമക്കളുടെ പാപമോചനം സാധ്യമാക്കി മാനവരക്ഷ നൽകിയത് ദൈവപുത്രനായ മിശിഹായുടെ കുരിശുമരണത്തിലൂടെയാണ്. മനുഷ്യമക്കളുടെ നന്മയ്ക്കുവേണ്ടി മാത്രമാണ് യേശു കാൽവരിയിൽ കുരിശിൽ മരിച്ചത്. ജീവിതമാകുന്ന വിശ്വാസ തീർത്ഥാടനത്തിൽ യേശുവിന്റെ കുരിശ് നമ്മുടെ രക്ഷയും അഭിമാനവുമായി മാറണം. വിശ്വാസവർഷത്തിലെ ഈ തിരുനാൾ ആഘോഷങ്ങളിൽ നമുക്ക് വിശ്വാസപൂർവ്വം പങ്കുചേരാം. തിരുനാളിന്റെ വിജയം അളക്കുന്നത് തിരുനാൾ തിരുകർമ്മങ്ങളിലുള്ള പങ്കുചേരലിലൂടെ നമ്മൾ നേടിയ ആത്മീയ ജീവിതത്തിന്റെ അഭിവൃദ്ധിയിലായിരിക്കണം.

സെപ്തംബർ 4-ാം തിയ്യതി, കന്യകാമറിയത്തിന്റെ തിരുപ്പിറവിയുടെ തീർത്ഥാടന ദൈവാലയമായ ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നിന്ന് വിശ്വാസ പ്രഘോഷണ വിളംബരമായിട്ടാണ് നമ്മുടെ തിരുനാൾ പതാക നമ്മൾ കൊണ്ടുവരുന്നത്. 5-ാം തിയ്യതി രാവിലെ 7 മണിക്കുള്ള വി.കുർബ്ബാനക്കു മുമ്പായി സീറോ മലബാർ സഭയുടെ കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവ് തിരുനാൾ കൊടിയേറ്റ ശുശ്രൂഷ നടത്തി കുരിശിന്റെ ചൈതന്യത്തിലേക്ക് നമ്മെ നയിക്കും. 5-ാം തിയ്യതി മുതലുള്ള 9 ദിവസങ്ങൾ വി. കുരിശിന്റെ മഹത്വം വിളിച്ചോതുന്ന അനുഗ്രഹദായകങ്ങളായ നവനാൾ തിരുകർമ്മ ശുശ്രൂഷകളായിരിക്കും ദൈവാലയത്തിലും കപ്പേളയിലും നടത്തപ്പെടുക. 13-ാം തിയ്യതി വൈകുന്നേരം സെന്റ് ജോൺ കപ്പേളയിൽ നടത്തപ്പെടുന്ന തിരിതെളിയിക്കൽ ശുശ്രൂഷയിലൂടെ നാളിതുവരെ നമുക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് കുരിശുമുത്തപ്പന് നന്ദി അർപ്പിക്കുവാനും കുരിശിന്റെ മഹത്വം പ്രഘോഷിക്കുവാനും സാധിക്കണം.

14-ാം തിയ്യതി, പ്രധാന തിരുനാൾ ദിവസം ഇടവക ജനം മുഴുവൻ ഇവിടെയെത്തുന്ന തീർത്ഥാടകരോടൊപ്പം വി. കുർബ്ബാനയിൽ പങ്കുചേർന്ന് വി.കുരിശിന്റെ സംരക്ഷണവും കുരിശുമുത്തപ്പന്റെ അനുഗ്രഹവും സ്വീകരിക്കണം. തുടർന്ന് 3.30 ന് ആരംഭിക്കുന്ന തിരുനാൾ പ്രദക്ഷിണം വിശ്വാസവർഷത്തിലെ വിശ്വാസ പ്രഖ്യാപന യാത്രയായി മാറുവാൻ തരത്തിൽ ഇടവക മുഴുവൻ അതിൽ ഒരുമിച്ച് പങ്കുചേരണം. തുടർന്ന് തിരുകുരിശിന്റെ തിരുശേഷിപ്പ് ചുംബിച്ച് നമുക്ക് ധന്യരാകാം. 21-ാ തിയ്യതിയിലെ എട്ടാമിട തിരുനാളിലും നേർച്ച ഊട്ടിലും പങ്കുചേർന്ന് നമുക്ക് സായൂജ്യമടയാം. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ഒത്തൊരുമയുടെയും സഹകരണത്തിന്റെയും തിരുനാളാകട്ടെ ഈ വർഷത്തെ വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാളാഘോഷം. തിരുനാളിന്റെ വിജയത്തിനായി ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവർക്കും, പ്രത്യേകമായി തിരുനാൾ കൺവീനർമാർക്കും കമ്മറ്റി അംഗങ്ങൾക്കും നവനാൾ - തിരുനാൾ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തുന്നവർക്കും, തിരുനാളിൽ പങ്കുചേരുന്ന

വർക്കും തീർത്ഥാടകർക്കും നമ്മുടെ കുടുംബങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു. ഏവർക്കും തിരുനാൾ ആശംസകളും നേരുന്നു.

പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണവും നമ്മുടെ ഉമ്മറപടിയിലെത്തി നിൽക്കുകയാണല്ലോ. അനീതിയും അഴിമതിയും ഇല്ലാത്ത,കള്ളവും ചതിയുമില്ലാത്ത, സ്നേഹവും സഹോദര്യവും ആത്മാർത്ഥതയും സത്യസന്ധതയും നിറഞ്ഞു നിന്ന, കഴിഞ്ഞുപോയ ഒരു കാലഘട്ടത്തിന്റെ ഓർമ്മ പുതുക്കലാവട്ടെ മലയാള തനിമയുടെ തിരുവോണം. ഏവർക്കും ഓണാശംസകൾ കൂടി നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണവും കുരിശുമുത്തപ്പന്റെ അനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്, തിരുനാൾ ആശംസകളോടെ

കുരിശുമുത്തപ്പന്റെ സംരക്ഷണയിൽ
**ഫാ. ജോസ് മാളിയേക്കൽ**
വികാരിയച്ചൻ

**ബാലപംക്തി**

# പ്രാർത്ഥനയുടെ ശക്തിയും സ്നേഹത്തിന്റെ മാതൃകയും

**- ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ -**



പ്രജകളെ അളവറ്റ് സ്നേഹിക്കുന്ന ദാനശീലനും ദയാസമ്പന്നനുമായ രാജാവ്. പ്രജകളും അദ്ദേഹത്തെ ജീവനുതുല്യം സ്നേഹിക്കുന്നു. പെട്ടെന്നൊരു ദിവസം, രാജാവിന് ഹൃദയസംബന്ധമായ രോഗം പിടിപെട്ടു. എല്ലാ ജനങ്ങളും സ്വജീവൻ കളഞ്ഞ് രാജാവിന് ഹൃദയം നൽകാൻ സന്നദ്ധരാണ്.എന്നാൽ, 'പ്രജകളുടെ പ്രാർത്ഥനയാണ് എന്റെ ഏറ്റവും വലിയശക്തി' യെന്ന രാജാവിന്റെ വാക്കുകൾ ജനങ്ങൾക്ക് അത്ഭുതമായി. ആ രാജ്യം മുഴുവൻ രാജാവിന്റെ ആരോഗ്യത്തിനായി പ്രാർത്ഥിച്ചു. ആ ശക്തി അദ്ദേഹത്തിന് ജീവൻ തിരികെ നൽകി.

കേരളനാടിനും മഹാനായ ഒരു രാജാവുണ്ടായിരുന്നു. 'മാവേലി.' ആ വാക്കിനർത്ഥം തന്നെ 'വേലികൾ അരുത്' എന്നാണ്. എല്ലാവരും സ്നേഹത്തിലും ഐക്യത്തിലും ജീവിക്കണം എന്ന് ആഗ്രഹിച്ച മന്നൻ.

സ്നേഹത്തിന്റെ ഏറ്റവും നല്ല മാതൃക കാണിച്ച് കുരിശിൽ സ്വജീവൻ നമുക്കോരോരുത്തർക്കുമായി ബലിയർപ്പിച്ച കാരുണ്യവാനും പിതാവിന് മുന്നിൽ 'മഹാബലി' യാണർപ്പിച്ചത്. നമ്മെയും ആ കുരിശിൻ ചുവട്ടിലേക്ക് ത്യാഗപൂർവ്വം ചേർത്ത് നിർത്തുമ്പോൾ, സങ്കടങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കുമ്പോൾ, കൈവരിക്കുന്ന വിശുദ്ധി ജീവിതത്തിന് വെളിച്ചമേകും. ആ പ്രകാശം നമ്മെ തിളക്കമുള്ളവരാക്കും. എല്ലാ കൂട്ടുകാർക്കും തിരുനാളിന്റെയും ഓണത്തിന്റെയും ആശംസകൾ.

# കുരിശുമരത്തിന്റെ തണലിൽ

ഫാ.സിബു കള്ളാപറമ്പിൽ

കുപ്പിവളകളെ സ്നേഹിച്ച ഒരു പെൺകുട്ടി. അവളുടെ ഇരു കരങ്ങൾ നിറയെ ചുവപ്പും കറുപ്പും നിറഞ്ഞ കുപ്പിവളകളായിരുന്നു. എവിടെ പോയിവന്നാലും അവളുടെ അച്ഛന്റെ കയ്യിൽ അവൾക്കുള്ള കുപ്പിവളകൾ ഉണ്ടായിരിക്കും. ഒരിക്കൽ ഒരു ഉത്സവപറമ്പിൽ അവൾ കുപ്പിവളകൾ കിലുക്കി അച്ഛന്റെ കൈവിരലിൽ തൂങ്ങി നടക്കുകയായിരുന്നു. പെട്ടെന്നായിരുന്നു ആളുകൾ ചിതറിയോടാൻ ആരംഭിച്ചത്. എഴുന്നള്ളത്തിന് കൊണ്ടുവന്ന ആനയ്ക്ക് മദപ്പാട്. എല്ലാവരും ജീവൻ രക്ഷിക്കാനായ് പാഞ്ഞു. ആ അച്ചഛൻ തന്റെ മകളുടെ പിഞ്ചു കൈകളിൽ പിടിമുറുക്കി ഓടാനാരംഭിച്ചു. കുപ്പിവളകൾ ഓരോന്നായി ചിന്നിച്ചിതറി. അവളുടെ കൈകളിലേക്ക് കുപ്പിവളകൾ തുളഞ്ഞുകയറി രക്തം ഒഴുകാൻതുടങ്ങി. അവളെ വലിച്ചുകൊണ്ട് ഓടിയിരുന്ന ആ അച്ഛൻ അവളുടെ മുറിവുകളിലേക്ക് നോക്കുന്നേ ഇല്ലായിരുന്നു. കാരണം അയാളുടെ നോട്ടവും ശ്രദ്ധയുമെല്ലാം അവളുടെ ജീവനിൽ മാത്രമായിരുന്നു, മകളുടെ ജീവൻ രക്ഷിക്കുക എന്നതിലായിരുന്നു.

ദൈവം കൂടെയുണ്ടെന്നു കരുതി മുറിവുകൾ ഉണ്ടാകാതിരിക്കണം എന്നില്ല. സഹനങ്ങളെയും കുരിശുകളെയും പരാതിയോടും പരിഭവത്തോടും കൂടിയല്ലാതെ നമുക്ക് സ്വീകരിക്കാൻ കഴിയാതെ പോകുന്നു. കുപ്പിവളകളെ സ്നേഹിച്ചിരുന്ന ആ കുഞ്ഞിനെ അവളുടെ അച്ഛൻ സ്നേഹിച്ചിരുന്നില്ല എന്ന് കരുതുന്നത് അബദ്ധമാണ്. ജീവൻ നഷ്ടപ്പെടുന്നതിനേക്കാൾ എത്രയോ ലളിതമാണ് അൽപം മുറിവുകൾ ഉണ്ടാകുന്നത്. വേദനകളെയും ക്ലേശങ്ങളെയുമെല്ലാം ദൈവം നൽകുന്നത് നമ്മുടെ ജീവനെ സംരക്ഷിക്കാൻ വേണ്ടിയാണ്. അതുകൊണ്ടാണ് വേദനകളെയും ക്ലേശങ്ങളെയും സഭ സഹനമെന്ന പേരു നൽകി അതിനെ നെഞ്ചോട് ചേർക്കാൻ ആവശ്യപ്പെടുന്നത്.

ഡമാസ്കസിലേക്കുള്ള യാത്രയിലാണ് പൗലോസ് ഉത്ഥിതനെ പരിചയപ്പെടുന്നത്. പിന്നീടൊരിക്കലും അയാൾ ക്രിസ്തുവിന്റെ കരം ഉപേക്ഷിച്ചിട്ടില്ല. ക്രിസ്തുവിന്റെ കരം സ്വന്തം കൈപ്പിടിയിൽ ഉണ്ടായിരുന്നിട്ടും മറുകൈയിൽ സഹനത്തിന്റെ കാസ നിറഞ്ഞൊഴുകുന്നുണ്ട്. വിജാതിയരുടെ അപ്പസ്തോലനായിരുന്ന പൗലോസ് വിചാരണയ്ക്കായി കയറ്റിനിറുത്തപ്പെടാതിരുന്ന ഒരു സാൻഹെദ്രിനോ, കല്ലേറു

കൊള്ളാത്ത ശരീരഭാഗമോ ഉണ്ടായിരുന്നില്ലായെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. (നടപടി 11: 16 -29) കുരിശുകൾ ഇല്ലാതിരിക്കാനല്ല ക്രിസ്ത്യാനി കരം ഉയർത്തി പ്രാർത്ഥിക്കേണ്ടത്. സഹനകാസയുടെ വറ്റുവരെ കുടിച്ച് തീർക്കുവോളം ക്രിസ്തുവേ നീ അരികിൽ ഉണ്ടാകണമേ എന്നാണ് പ്രാർത്ഥിക്കേണ്ടത്.

ക്രിസ്തുവിന്റെ കൂടെ ഇരുന്നിട്ടും, കുർബ്ബാന അർപ്പിച്ചിട്ടും, കൂദാശകൾ സ്വീകരിച്ചിട്ടും എന്തേ ഈ കുരിശുകൾ എന്നെ പീഡിപ്പിക്കുന്നത് എന്ന് പര്യാകുലരായി പോകുന്നു നാം. ആറരക്കുള്ള കുർബ്ബാനയ്ക്ക് മുടക്കംവരുത്തി അന്നം അന്വേഷിച്ച് ഞങ്ങൾ പോകാറില്ല. എന്നിട്ടും ഇരവാകുമ്പോൾ ഈ ഏകാന്തത മാത്രമാണ് കൂട്ട് എന്ന് ആകുലപ്പെടുന്ന വൃദ്ധദമ്പതികൾ! നീണ്ട 20-25 വർഷങ്ങളായി കൊന്ത ചൊല്ലി പ്രാർത്ഥിച്ചിട്ടും ഇതിയാന്റെ കുടിയ്ക്കൊരു ശമനവുമില്ലല്ലോ എന്ന് പരിതപിക്കുന്ന ഭാര്യമാർ! പെട്ടികണക്കിന് മെഴുകുതിരി കത്തി തീർന്നിട്ടും ഒരു പുണ്യവാൻ പോലും പ്രസാദിക്കുന്നില്ലല്ലോ എന്ന് ഭക്തജനങ്ങൾ.....

ദൈവത്തിന്റെ കൂടെ ഇരുന്നിട്ടും ദൈവാനുഗ്രഹം ലഭിക്കാത്തതിന്റെ പരാതി ഇതുപോലെ നീളുന്നു. ക്രിസ്തു അരികിലുണ്ട് എന്നതിന്റെ തെളിവ് അനുഗ്രഹങ്ങൾ മാത്രമല്ല. അവൻ തലചായ്ച്ച കുരിശും അവന്റെ സാന്നിദ്ധ്യം വിളിച്ചോതുന്നുണ്ട്. നമുക്ക് കുരിശിലെ നിലവിളികൾക്ക് കാതുകൊടുക്കാം. ക്രിസ്തു കുരിശിൽ തറയ്ക്കപ്പെട്ട വേളയിൽ അവന്റെ പിതാവിനെ വിളിച്ചപേക്ഷിച്ചതുപോലെ ഒരു കൈയിൽ സഹനത്തിന്റെ കാസയേന്തി, മറുകൈ സ്വർഗ്ഗത്തിലേക്ക് ഉയർത്തി കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന മാപ്രാണത്തെ എന്റെ പ്രിയ സഹോദരങ്ങൾ പാടി പ്രാർത്ഥിക്കട്ടെ. ''ആകാശങ്ങളിലിരിക്കും ഞങ്ങളുടെ അനശ്വരനായ പിതാവേ, അവിടുത്തെ നാമം വാഴ്ത്തപ്പെടേണമേ, അവിടുത്തെ രാജ്യം വരേണമേ'' എന്ന്.

ഒരുപാടിഷ്ടത്തോടെ

**നിങ്ങളുടെ സ്വന്തം സിബുവച്ചൻ**

# മദ്യം - ഒരു സാമൂഹ്യ വിപത്ത്

ആധുനിക ലോകത്തിന്റെ ഏറ്റവും വലിയ ശാപമാണ് മദ്യപാനം. ഭാവി വാഗ്ദാനങ്ങളാകേണ്ട യുവതലമുറ മദ്യത്തിന്റെ പിടിയിൽപെട്ട് താളം തെറ്റുന്ന കാഴ്ച വളരെ ഭീകരമാണ്. വെറും കൗതുകത്തിന്റെയും കൂട്ടുകാരുടെ ഇടയിൽ ഹീറോ ആകുക എന്ന ലക്ഷ്യത്തോടെയും ആരംഭിക്കുന്ന മദ്യപാനം ക്രമേണ മനുഷ്യനെ മദ്യപാനിയാക്കി മാറ്റുന്നു.

വികസിത വികസ്വര രാഷ്ട്രങ്ങൾ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ

ശേഷം പേജ് 27



# 2013ൽ ഒരു ഓണം



**പി.കെ.ഭരതൻ**
2004ലെ ദേശീയ അദ്ധ്യാപക
അവാർഡ് ജേതാവ്

സങ്കൽപവും യാഥാർത്ഥ്യവും കൂട്ടിക്കുഴച്ചുണ്ടാക്കുന്ന പ്രതീക്ഷയാണ് ഓണം. മാനവികതയുടെ ഉത്തുംഗശിഖരത്തിൽ വിളയുന്ന പൂങ്കനിയാണത്. എത്താകൊമ്പത്തെ പൂവിൽ കിനിയുന്ന തേൻ നുകരാനുള്ള മോഹം. മണ്ണും മനുഷ്യനും മോഹവും സൃഷ്ടിക്കുന്ന മൂന്നു ലോകങ്ങളുണ്ട്. മണ്ണിന്റെ പാതാള ഗർത്തങ്ങളിൽ നിന്നും ഉണർന്നുവരികയും മനുഷ്യന്റെ സ്വാർത്ഥതകളും സങ്കുചിത ചിന്തകളും ചവിട്ടിത്താഴ്ത്തുകയും മാനവികതയുടെ ഉദാത്ത തലങ്ങളിൽ, സഹിഷ്ണുതയും സമത്വവും സമൃദ്ധിയും മൂന്നു ചുവടുകൾകൊണ്ട് അളന്നെടുക്കുകയും ചെയ്യുന്ന വിസ്മയ ചാരുതയും ഓണത്തിനുണ്ട്. ലോകസംസ്കാരത്തിന്റെ അനന്യമായ പൈതൃകങ്ങളിൽ ഓണം അങ്ങനെ വേറിട്ടു നിൽക്കുന്നു.

ഓണത്തിന് രണ്ട് ആശയധാരകൾ സമന്വയിക്കുന്ന അപൂർവ്വ സവിശേഷതയുണ്ട്. രണ്ടു ശ്രേഷ്ഠ വ്യക്തിത്വങ്ങളാണ് ഓണക്കാലത്ത് ലോകമെമ്പാടും ആദരിക്കപ്പെടുന്നത്, അനുസ്മരിക്കപ്പെടുന്നത്. ഒരാൾ സങ്കൽപമോ യാഥാർത്ഥ്യമോ എന്നറിയാത്ത, എന്നാൽ യാഥാർത്ഥ്യംപോലെ മലയാളിയുടെ മനസ്സിൽ അലിഞ്ഞുചേർന്ന് ഒരു മിത്തായിമാറിയ മഹാബലി. മറ്റൊരാൾ നൂറ്റിയമ്പത് വർഷങ്ങൾക്കു മുമ്പ് ജനിക്കുകയും എഴുപത്തിമൂന്നുവർഷം ജീവിക്കുകയും ചെയ്ത ഒരു മഹായാഥാർത്ഥ്യത്തിന്റെ മനുഷ്യരൂപമായി ആരാധിക്കപ്പെടുന്ന ശ്രീനാരായണഗുരു. മനുഷ്യകുലം ജാതിമതഭേദങ്ങൾക്കും സ്ഥല കാല ഭേദങ്ങൾക്കുമപ്പുറത്ത് നിൽക്കുമ്പോഴും ഒന്നാണെന്ന് കണ്ടെത്തുന്ന അപൂർവ്വ സമന്വയമാണത്. ദാരിദ്ര്യത്തിൽനിന്നും രോഗപീഡകളിൽനിന്നും മാത്രമല്ല, എല്ലാവിധ ചൂഷണങ്ങളിൽ നിന്നുമുള്ള മോചനമാണ് സ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യത്തിൽ വൃദ്ധർക്കും ശിശുക്കൾക്കും, ശക്തനും അശക്തനും, ഒരുപോലെ ആനന്ദവും സ്വസ്ഥതയും ശാന്തിയും പുലരണം. അപ്പോഴാണ് ഓണം ഉണ്ടാകുന്നത്. അതാണ് മഹാബലി എന്ന ഐതിഹ്യത്തിന്റെ കാലാതിവർത്തിയായ സന്ദേശം. ആ സന്ദേശം നവീകരിച്ചുകൊണ്ടിരിക്കുകയാണ് ഓരോ ഓണത്തിന്റെയും ധർമ്മം. മനുഷ്യനിലെ സാഹോദര്യവും സഹിഷ്ണുതയും മാത്രമല്ല, അനുകമ്പയും അറിവായി മാറുമ്പോഴാണ് ധർമ്മബോധമുണ്ടാകുന്നത്. ശ്രീബുദ്ധനുശേഷം ജീവിതം കൊണ്ട് അത് സാക്ഷ്യപ്പെടുത്തുകയാണ് ശ്രീനാരായണൻ ചെയ്തത്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ശാന്തിയുടെയും സാരമാണ്

മനുഷ്യകുലത്തിന്റെ ആനന്ദവും നീതിസാരവുമാകേണ്ടത്. ഓണത്തിന്റെ അടിസ്ഥാന തത്വമതാണ്.

2013ൽ ഓണമെത്തുമ്പോൾ ഒരു ചോദ്യം നമ്മെ അസ്വസ്ഥരാക്കുന്നു. നാം എവിടേയ്ക്കാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്? മുന്നിലേക്കാണോ പിന്നിലേക്കാണോ? ഏതോ ഒരു സുഷുപ്താവസ്ഥയിലാണ് നാം. ഉയർത്തിയ കാൽ നിലം തൊടാനൊക്കുന്നില്ല. കാലിനടിയിലെ മണ്ണ് പൂർണ്ണമായും ഒലിച്ചുപോയിരിക്കുന്നു. അഗാധ ഗർത്തിലേക്ക് നാം വീണു കഴിഞ്ഞു. ആഴത്തിലേക്ക് മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കുമ്പോഴും വൃഥാ കാലിട്ടുഴലുന്നു.

ഓണം ഓരോ കാലത്തും ഓരോ തരത്തിലായിരുന്നു. ഒറ്റയടിവെച്ച് നടക്കാൻ തുടങ്ങുന്ന കാലത്തെ ഓണമല്ല കൂട്ടുകാരൊത്ത് ആർപ്പുവിളിച്ചും ആർത്തുല്ലസിച്ചും നടന്ന ബാല്യകൗമാരങ്ങളിലെ ഓണം. കൈതപ്പൂവിന്റെ മണമുള്ള ഓണക്കാലമുണ്ടായിരുന്നു. പ്രണയാനുഭവങ്ങളുടെ ചന്ദനം മണക്കുന്ന ചാറ്റൽ മഴക്കാലം. ദുരിതങ്ങളുടെ മലവെള്ളം നീന്തിക്കയറിവന്ന യൗവന തീക്ഷ്ണാനുഭവങ്ങളുടെ വീരാളിപ്പട്ടു ചുറ്റിയകാലം. കളിമണ്ണ് ചവിട്ടിക്കൂട്ടിയുണ്ടാക്കിയ തൃക്കാക്കരയപ്പനെ തുമ്പപ്പൂക്കളം കൊണ്ടെഴുതിയ സമചതുരത്തിൽ പ്രതിഷ്ഠിക്കുന്ന സാധാരണക്കാരന്റെ ആത്മഹർഷങ്ങൾ. അഭിമാനത്തോടെ ആഹ്ലാദം ആർപ്പുവിളിക്കുന്ന കാലം.... എല്ലാം എല്ലാം നാം ആർക്കൊക്കെയാണ് അടിയറ വെച്ചുകൊണ്ടിരിക്കുന്നത്?

ഓഫറുകൾ മാത്രം വെക്കുന്ന ഊഹക്കച്ചവടക്കാരുടെ കടപ്പത്രമായി മാറി ഓണം. അബ്കാരി കോൺട്രാക്റ്റർമാരുടെ അടങ്ങാത്ത രക്തക്കൊതിയുടെ ദുര മാത്രമായതു മാറുന്നു. കാണം വിറ്റും ഓണം ഉണ്ണണമെന്ന പഴഞ്ചൊല്ലിൽ പതിരില്ലാതാക്കിയവർ നമ്മൾ മലയാളികൾ. ഭാഗ്യക്കുറിയിൽ ഭാവി കാണുന്നവർ. മാനംകെട്ട് ജീവിക്കുന്നതാണ് മാന്യതയെന്ന് മനപാഠമാക്കുന്നവൻ മലയാളി. അവന്റെ നാടിന്റെ പഴയ പേർ മലബാർ എന്നായിരുന്നു. സഹ്യപർവ്വതസാനുവിൽ കടൽത്തിരയേറ്റുണർന്ന നാടാണ് അത്. മലയുടെ മാറിൽ മയങ്ങുന്ന നാട് - മലബാർ. നാൽപ്പത്തിനാലു നദികൾ, കായലുകൾ...... എല്ലാം ദുഷിച്ചുനാറി രോഗവാഹിനികളായി മാറികഴിഞ്ഞിരിക്കുന്നു. ജലസമൃദ്ധിയുടെ പുകഴേന്തിയ ഇടം..... പച്ചപ്പട്ടുടുത്ത കോമളധരണി ..... ശുചിത്വമുള്ളിടത്തും നൈസർഗിക സൗന്ദര്യമുള്ളിടത്തുമാണ് ഈശ്വരനിരിക്കുക. അങ്ങിനെയാണ് ആ പേരുവന്നത്. ദൈവത്തിന്റെ സ്വന്തം നാട്. ഓണമുണ്ടായ നാട്. എന്നിട്ടെന്തായി? മലയായ മലയെല്ലാം ഇടിച്ചുനിരത്തി. പുതിയ മലകളുണ്ടാക്കി. മാലിന്യമലകൾ...... "കേരളമെന്ന പേർ കേട്ടാലറയ്ക്കണം. മൂക്കുപൊത്തണം. ആയതിനാൽ കേരളമെന്ന പേർ മാറ്റി മലബാറെന്ന പേരാക്കണം". ഇപ്പോൾ ഓണം മലബാറിലാണ്. മദ്യവും മദിരാക്ഷിയും ഗർഭഛിദ്രവും ശിശുഹത്യകളും പെൺവാണിഭവും ബലാൽസംഗവും കള്ളവും ചതിയും നടമാടുന്ന നാട്...... മദ്യപിച്ച് മദോന്മത്തരായി ബോധം നശിച്ചവർക്കുള്ള നാട്. മാലിന്യമലയുടെ, വാർഡുതോറും ബാറു

കളുടെ നാട് "മലബാർ." ഇതാണപ്പീ..... ഒറിജിനാലിറ്റിയുള്ള പേര്.
- യഥാപ്രജാ തഥാരാജ -

**പിൻകുറിപ്പ്**

ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ഉദാത്ത ജീവിതമായിരുന്നു യേശു ക്രിസ്തുവിന്റേത്. ലോകം മുഴുവൻ വെളിച്ചം പരത്തിയ ആ മഹാഗുരുവിന്റെ സഹനപീഢകൾ പാപവിമോചനംകൊണ്ട് വിമലീകരിക്കുകയായിരുന്നു. കുരിശ് വിമോചനത്തിന്റെ നിത്യപ്രതീകമായി മാനവരാശിയുടെ മനസ്സിൽ സ്ഥിര പ്രതിഷ്ഠ നേടി. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും പ്രകാശ രേഖകൾകൊണ്ട് ലോകത്തിന്റെ നെടുകെയും കുറുകെയും കുരിശു പ്രതിഷ്ഠിക്കുവാൻ യേശുവിൽ ജീവിക്കുന്നവർക്കു കഴിഞ്ഞു... സെപ്തംബർ 14 കുരിശിന്റെ ദിനമാണ്. കുരിശിൽ യേശുവിനെ കണ്ടെത്തുന്ന ദിനം. ലോകത്തിന്റെ വിവിധയിടങ്ങളിൽ ഈ കുരിശ് സ്ഥാപിക്കപ്പെട്ടു. ആരാധിക്കപ്പെട്ടു. മാപ്രാണവും കുരിശിന്റെ ദേശമാണ്. കുരിശ് പ്രതിഷ്ഠിക്കപ്പെട്ട പുണ്യസ്ഥലം. രണ്ടായിരത്തിപതിമൂന്നിൽ ഓണം എത്തുമ്പോൾ യേശുവും മഹാബലിയും ശ്രീനാരായണഗുരുവുമെല്ലാം കുരിശിന്റെ സ്നേഹത്തിലും ത്യാഗത്തിലും സഹനത്തിലും സഹിഷ്ണുതയിലും സമന്വയിക്കപ്പെടുന്നു, ആദരിക്കപ്പെടുന്നു. ഓണത്തിന്റെ ഒരുമ. മാനവധർമ്മത്തിന്റെ പൂർണ്ണിമ.
എല്ലാവർക്കും കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെയും തിരുവോണത്തിന്റെയും ആശംസകൾ...

---



മേരി ജോർജ്
പള്ളിത്തറ

## ആഗസ്റ്റ് ലക്കം ക്വിസ് മത്സര വിജയി

മത്സരത്തിൽ 11 പേർ പങ്കെടുത്തു. ശരിയുത്തരം അയച്ച 6 പേരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

**ക്വിസ് ശരിയുത്തരം അയച്ചവർ;** 1. അഖിൽ ജോൺസൺ കാഞ്ഞാണിക്കാരൻ 2. ടിനു ലോറൻസ് താണിപ്പിള്ളി 3. അലീന ലോറൻസ് കരപറമ്പിൽ 4. മേരി ജോർജ്ജ് പള്ളിത്തറ 5. ജോമോൻ ജോൺസൺ കോമ്പാറക്കാരൻ 6. ജോൺസൺ കോമ്പാറക്കാരൻ

**ക്വിസ് ശരിയുത്തരം :**

1. രണ്ടാം വത്തിക്കാൻ സൂനഹദോസിനെ 2.യോനായുടെ 3.പാപപരിഹാര ബലി 4. യാക്കോബ്ശ്ലീഹ 5. വിശുദ്ധ അഗസ്റ്റിൻ 6. പുത്രനെ 7. വി. കുർബ്ബാനയുടെ തിരുനാൾദിനം 8. നിർദ്ദിഷ്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 9.ഫാ. സെബാസ്റ്റ്യൻ 10. സ്നാപക യോഹന്നാൻ 11. തിരൂർ 12. മുംബൈ 13.റോബർട്ടോ അസവെദോ 14. റിയോ ഡി ജനീറോ 15. അനുസരണവും സമാധാനവും 16. ജൂലായ്11 17. 5 (അഞ്ച്) 18. 1536-37

# പദപ്രശ്നം-2

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | 3 | | |
| | | 1 | | | | | | 5 | |
| | | | | | 4 | | | | |
| | | | 6 | | | | | | |
| | 2 | | | 8 | | | | | |
| 7 | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

പേര്.................
വീട്ടുപേര്.................
ഫോൺ.................
യൂണിറ്റ്.................

## വലത്തോട്ട്

1. മാർ ജോസഫ് കൊല്ലംപറമ്പിൽ ഏതു രൂപതയുടെ മെത്രാനായാണ് നിയമിതനായത്.
2. കേരളത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസിനി സമൂഹം.
4. ഈ കഴിഞ്ഞ ആഗസ്റ്റ് 8ന് ഏതു വിശുദ്ധന്റെ തിരുനാളാണ് സഭ ആഘോഷിച്ചത്.
7. ജപ്പാനിലെ ഏറ്റവും ഉയരം കൂടിയ പർവ്വതം.

## താഴോട്ട്

1. മാർ ഫ്രാങ്കോ മുളയ്ക്കൽ ഏതു രൂപതയുടെ മെത്രാനായാണ് നിയമിതനായത്.
3. കണ്ണിലെ കോർണിയയിൽ പുതുതായി 'ദുവപടലം' കണ്ടെത്തിയ ഇന്ത്യൻ പ്രൊഫസർ
5. ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടന
6. ഫ്രാൻസിസ് പാപ്പയുടെ ആദ്യ ചാക്രിക ലേഖനം
8. റേരും നോവാരും ഏതു മാർപാപ്പയുടെ ചാക്രിക ലേഖനമാണ്.

(റഫറൻസിന് 2013 ആഗസ്റ്റ് ലക്കംകേരളസഭ, ഹോളിവോയ്സ് നോക്കുക.)

പദപ്രശ്നം പൂരിപ്പിച്ച് സെപ്തംബർ 17ന് അകം ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കുക. വിജയിക്ക് ഹോളിവോയ്സ് കമ്മറ്റിയുടെ സമ്മാനത്തിന് പുറമേ വിജയിയുടെ പേരും ഫോട്ടോയും ഒക്ടോബർ ലക്കം ഹോളിവോയ്സിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. NB :ഒന്നിൽ കൂടുതൽ വിജയികളുണ്ടെങ്കിൽ നറുക്കെടുത്ത് ജേതാവിനെ കണ്ടെത്തുന്നതാണ്.

# വിശുദ്ധരുടെ ജീവിതത്തിലൂടെ

സി. ഡെൽസ മരിയ FCC മാപ്രാണം

## വി. ജോൺ നെപ്പുംസ്യാനോസ് (മെയ് 15)

ബൊഹേമിയയിലെ നെപ്പോമുക്ക് പട്ടണത്തിൽ 1330 -ൽ ഭക്തനായ വേൾഡ് ഫ്ളിന്റെ മകനായി ജോൺ ജനിച്ചു. സമ്പത്തിലും സമാധാനത്തിലും ജീവിച്ചിരുന്ന അവരുടെ ദീർഘകാല പ്രാർത്ഥനയുടെ ഫലമായി ജനിച്ച ഏക മകനായിരുന്നു ജോൺ. മാമ്മോദീസാ പേര് യോഹന്നാൻ എന്നായിരുന്നു. മരിയഭക്തയായിരുന്ന മാതാവ് തന്റെ അരുമ സുതനെ വിമലാംബികയ്ക്ക് പ്രതിഷ്ഠിച്ചു. ബാല്യത്തിൽ തന്നെ മരണകരമായ രോഗം പിടിപ്പെട്ട മകനു വേണ്ടി അമ്മ ഒരു നേർച്ച നേർന്നു. "ഞങ്ങളുടെ വത്സലപുത്രന്റെ അസുഖം മാറിക്കിട്ടിയാൽ അവന് ഇഷ്ടമാണെങ്കിൽ അവനെ ഒരു വൈദികനാക്കാം." അമ്മ അവന് വൈദികരെ സംബന്ധിച്ചും പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും പാപമോചനമെന്ന കൂദാശയെക്കുറിച്ചും പറഞ്ഞുകൊടുത്തിരുന്നു. ജോൺ 1347 ൽ സെമിനാരിയിൽ ചേരുകയും 'ഒരു മാതൃകാ' സഹോദരനായി പരിശീലനം പൂർത്തിയാക്കി വൈദികനായി തീരുകയും ചെയ്തു. താമസിയാതെ വെഞ്ചെസ്ലാവൂസ് ചക്രവർത്തിയുടെ അരമനയിൽ കപ്ലോനായി നിയമിക്കപ്പെട്ടു. ഭർത്താവിന്റെ അടിസ്ഥാനരഹിതമായ സംശയങ്ങൾക്ക് പാത്രീഭവിച്ച രാജ്ഞി, കുമ്പസാരക്കാരനായ ജോണച്ചനിൽനിന്നും ശാന്തിയും സമാധാനവും നേടി. കോപ കലുഷിതനായ രാജാവ് കുമ്പസാര രഹസ്യം വെളിപ്പെടുത്തി കിട്ടുവാൻ പലവിധ നയങ്ങളും മർദ്ദനമുറകളും സ്വീകരിച്ചുവെങ്കിലും ജോണച്ചൻ കുമ്പസാര രഹസ്യം കാത്തുസൂക്ഷിച്ച് ദൈവത്തോട് വിശ്വസ്തനായി നിന്നു.

അവസാനം രാജാജ്ഞയോടെ ജോണച്ചനെ പ്രേഗിലെ പാലത്തിൽ നിന്ന് നദിയിലേക്ക് തള്ളിയിട്ടു. അവിടെവച്ച് ആ വിശുദ്ധന്റെ ആത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നു. 330 വർഷങ്ങൾക്കുശേഷം കുഴിമാടം തുറന്നപ്പോൾ അദ്ദേഹത്തിന്റെ നാവ് അഴിയപ്പെടാതെ രക്തമയമായി കാണപ്പെട്ടു. 1729ൽ അദ്ദേഹത്തെ വിശുദ്ധനായി നാമകരണം ചെയ്തു.

ലക്ഷക്കണക്കിനു വൈദികരുള്ള കത്തോലിക്കാ സഭയിൽ ഇക്കഴിഞ്ഞ രണ്ടായിരം കൊല്ലക്കാലവും ഒറ്റ വൈദികൻപോലും കുമ്പസാര രഹസ്യം പുറത്താക്കിയിട്ടില്ല എന്നുള്ള മഹാത്ഭുത സത്യത്തിന്റെ ഒരു വീര രക്തസാക്ഷിയായി വി. ജോൺ വിജയിച്ച് വിരാജിക്കുന്നു. മെയ് 15ന് വിശുദ്ധന്റെ തിരുനാൾ കൊണ്ടാടുന്നു.

കുരിശ് ജംഗ്ഷനിലുള്ള സെന്റ് ജോൺ കപ്പേളയിൽ ഈ വിശുദ്ധന്റെ രൂപം പ്രതിഷ്ഠിച്ചിരിക്കുന്നു.

ഗദ്യ കവിത

# അതുമാത്രം മതി!

ഇല്ല ആവില്ല! ആവുകില്ലൊരിക്കലും, എനിയ്ക്കാ-
തലയോട്ടികുന്നിൻ നെറുകയിൽ നാട്ടിയ
കഴുമരത്തിൻ കീഴിലമർന്നു കരയാൻ! നാഥാ
പൊറുക്കുക! ഒരു മാത്രയെങ്കിലും നിന്നിൽ-
നിന്നു മുതിർന്നൊഴുകിയ കടും നിറമാർന്ന
നിണത്തുള്ളികളിൽ നനവവാർന്നു പിടയാനും!
പിന്നെയോ, നിൻ തിരു നാവിൽ നിന്നും - അല്ല!
നരജന്മ പാപങ്ങൾ രാകി കൂർപ്പിച്ചൊരെൻ
സ്വാർത്ഥത തൻ കുന്തമുനകളതി ദാരുണം
പിളർന്ന നിന്റെ ഹൃദയാന്തരാളങ്ങളിൽ നിന്നും
ചിതറിപ്പരന്ന നിണ നീർത്തുള്ളികൾക്കൊപ്പം,
ഈ നെഞ്ചിൽത്തെറിച്ചു വീണു പടർന്ന -
ഭോഗ-ഭാഗ്യ കലുഷിതമാം ഇരുൾ സന്ധികളിൽ
പ്രജ്ഞയറ്റലയും ഈ ജഗത്തിൻ നെറുകി-
ലേറ്റൊരഗ്നി സ്ഫോടനമായി ജ്വലിച്ചുയർന്ന-
സ്നേഹസങ്കീർത്തനം! ഒരായിരം കാരി-
രുമ്പാണികൾ തറഞ്ഞുപിടയും എന്നക-
കാമ്പിൽ മിന്നിത്തെളിഞ്ഞൊരുദാത്ത കാവ്യം!
അതുമാത്രം! എനിക്കതുമാത്രംമതി ദേവാ!
'ചെയ്യുന്നതെന്തെന്ന് ഇനിയുമറിയാത്ത
ഇവരോടു പിതാവേ! നീ പൊറുക്കണേ'യെ-
ന്നെനിക്കായി; എനിക്കുമാത്രമായി കേണിരന്ന,
ആ സ്നേഹം, ആർദ്രമധുരമാം കാരുണ്യം!
അതേ ദേവാ അതുമതി; നീയി ജഗത്തിനരുളിയ
നിത്യശാന്തിമന്ത്രം മാത്രം മതി അനശ്വരമാം
ജീവദായക, പ്രണവമന്ത്രം മാത്രം മതി!.....

- പോളി അായ്ക്കരൻ -

(പേജ് 12 തുടർച്ച) - മദ്യത്തിനടിമയായി തീർന്നിരിക്കുന്നു. അതുമൂലം കുടുംബബന്ധങ്ങളുടെ അരാജകത്വം, തൊഴിലില്ലായ്മ, സ്നേഹബന്ധങ്ങളുടെ തകർച്ച, മോഷണം, കൊലപാതകം, ആത്മഹത്യ എന്നിങ്ങനെ എന്തെല്ലാം പ്രശ്നങ്ങളാണ് ഇവ ഉണ്ടാക്കുന്നത്. ലാഭം നേടിത്തരുന്ന ഒരു ബിസിനസ്സായി മാത്രം ഒരു ജനാധിപത്യ ഗവൺമെന്റ് മദ്യത്തെ കാണരുത്. മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ നാം നിഷേധിക്കേണ്ടതാണ്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും ബോധവത്ക്കരണ പരിപാടി

ശേഷം പേജ് 29

# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**1 റിയോ ഡി ജനിറോയിൽ 20 ലക്ഷത്തോളം യുവജനങ്ങൾ**

2013 ലെ ലോക യുവജനദിനാഘോഷം ജൂലായ് 23-28 തിയ്യതികളിലായി ബ്രസീലിലെ പ്രസിദ്ധ നഗരമായ റിയോ ഡി ജനിറോയിൽ നടന്നു. 20 ലക്ഷത്തോളം യുവജനങ്ങളാണ് അവിടെ സമ്മേളിച്ചത്. വിശുദ്ധരായ യുവജനങ്ങളാണ് സഭയുടെ ഇന്നത്തെ ആവശ്യമെന്ന് പ്രസംഗിച്ച മാർപാപ്പയുടെ ആഹ്വാനം യുവജനങ്ങൾ സഹർഷം സ്വാഗതം ചെയ്തു.

**2 മദ്യത്തിനെതിരെ 'ജ്യോതിർഗമയ'**

കേരളത്തെ മദ്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ലഹരിക്കെതിരെ പൊതുജന സമൂഹത്തെ ഉണർത്തിക്കാൻ KCBC മദ്യവിരുദ്ധസമിതി 50 ദിവസം നീണ്ടുനിൽക്കുന്ന സംസ്ഥാന പ്രയാണം ആരംഭിക്കും, **ജ്യോതിർഗമയ** എന്ന പേരിൽ.

**3 വിശ്വാസ വെളിച്ചം. (Lumen Fidei) പ്രഥമ ചാക്രിക ലേഖനം**

മാർ ഫ്രാൻസിസ് പാപ്പയുടെ പ്രഥമ ചാക്രിക ലേഖനമാണ് Lumen Fidei (വിശ്വാസത്തിന്റെ വെളിച്ചം) വിശ്വാസവർഷത്തോടനുബന്ധിച്ച് മാർ ബെനഡിക്ട് പാപ്പ ആരംഭിച്ചിരുന്ന ചാക്രിക ലേഖനം ഇപ്പോഴത്തെ മാർപാപ്പ പൂർത്തിയാക്കി.

**4 ജഗദൽപ്പൂർ രൂപതയ്ക്ക് പുതിയ ഇടയൻ**

ജഗദൽപ്പൂർ രൂപതയുടെ പുതിയ മെത്രാനായ റവ. ഡോ. ജോസഫ് കൊല്ലംപറമ്പിലിന്റെ മെത്രാഭിഷേകം സെപ്തംബർ 17ന് ജഗദൽപ്പൂർ സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടക്കും.

**5 ജലന്ധർ രൂപതയുടെ പിതാവ് അനിൽ ജെ കൂട്ടോ ഡൽഹി ആർച്ച് ബിഷപ്പായി നിയമിതനായി.**

**6 ദൈവദാസൻ വിതയത്തിലച്ചന്റെ അനുസ്മരണം**

ബഹു. ജോസഫ് വിതയത്തിലച്ചന്റെ 148-ാം ജന്മദിനം അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ തീർത്ഥകേന്ദ്രത്തിൽ 2013 ജൂലൈ 23ന് യഥോചിതം അനുസ്മരിക്കുകയുണ്ടായി. 1964 ജൂൺ 8ന് ദിവംഗതനായ പുണ്യശ്ലോകൻ ബഹു. വിതയത്തിലച്ചൻ 2004 ജൂൺ 7നാണ് ദൈവദാസനായി ഉയർത്തപ്പെട്ടത്.

---

കൾ സംഘടിപ്പിക്കുകയും, പാഠപുസ്തകങ്ങളിൽ മദ്യത്തിന്റെ ദോഷങ്ങൾ വിവരിക്കുന്ന പാഠങ്ങൾ ചേർക്കുകയും ചെയ്യേണ്ടതാണ്. മദ്യത്തെ നമുക്കകറ്റി നിർത്താം. ഇതിലൊക്കെയുപരിയായി ഓരോരുത്തരും അവരവരുടെ മനസ്സിനെ സ്വയം നിയന്ത്രിച്ചാൽ മദ്യപാനം എന്ന ദുർഭൂതത്തിൽ നിന്ന് രക്ഷ നേടാം.

**ഹോളിക്രോസ് ഇടവക മദ്യ വിരുദ്ധ സമിതി**

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ഈ അടുത്തകാലത്ത് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി തീർന്ന ആധാർകാർഡിനെ കുറിച്ചാണ് ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഒരു ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ആധാർ കാർഡിന്റെ ഉത്ഭവത്തിനടിസ്ഥാനം. അതിൻപ്രകാരം ഒരു 12 അക്ക നമ്പർ – ആധാർ നമ്പർ – ലഭ്യമാക്കുന്നു. ഇന്ത്യയിലെവിടെയും ഒരു തിരിച്ചറിയൽ രേഖയായി ഇതുപയോഗിയ്ക്കാവുന്നതാണ്. പൗരന്റെ വിവിധ ബയോമെട്രിക് രേഖകൾ സമാഹരിച്ചാണ് അയാളുടെ ആധാർ കാർഡിനു രൂപം നൽകുന്നത്. ഒരിക്കൽ ആധാർ നമ്പർ ലഭിച്ചാൽ പിന്നീട് മറ്റൊരു നമ്പർ ലഭിക്കില്ല. അതായത് ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പിന്നീട് ഡ്യൂപ്ലിക്കേറ്റ് കാർഡ് മാത്രമേ ലഭിയ്ക്കൂ എന്നർത്ഥം. ഒരു വ്യക്തിക്ക് ആധാർ കാർഡ് ലഭിക്കുന്നതിന് തിരിച്ചറിയൽകാർഡ്, റേഷൻകാർഡ് തുടങ്ങിയവയുമായി തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങളെ സമീപിയ്ക്കാവുന്നതാണ്. അവർ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതായിരിക്കും. രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശപ്രകാരമുള്ള നാഷണൽ പോപ്പുലേഷൻ രജിസ്ട്രിയിൽ പേര് നൽകി രശീതി കൈപ്പറ്റിയവർക്ക് നേരിട്ടോ അല്ലെങ്കിൽ അക്ഷയകേന്ദ്രങ്ങൾ മുഖേനയോ uidai.gov.in എന്ന വെബ്സൈറ്റിൽ നിന്നും തന്റെ ആധാർ നമ്പർ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. കർഷക പെൻഷൻ, ഗ്രാന്റ്, കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ക്ഷേമപെൻഷനുകൾ, ഗ്യാസ് സബ്സിഡി എന്നിവയ്ക്കും ഇപ്പോൾ ആധാർ നിർബന്ധമാക്കിയിട്ടുണ്ട്. ആധാർ നമ്പർ ലഭിച്ചാൽ ആയതിനെ നിങ്ങളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കാൻ ബാങ്ക് ശാഖയെ സമീപിക്കുന്നത് ഉചിതമാണ്.

എൻ.പി.ആർ. രജിസ്ട്രേഷൻ നടത്തി ഇനിയും ആധാർനമ്പർ ലഭിച്ചിട്ടില്ലെങ്കിൽ eaadhar.uidai.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച്, രജിസ്ട്രേഷൻ സമയത്തു നൽകിയ 14 അക്ക അംഗത്വസംഖ്യയും, തിയ്യതിയും, സമയവും, പേരും, പിൻകോഡും സൈറ്റിൽ നൽകിയിരിക്കുന്ന കോഡും നൽകി സബ്മിറ്റ് ചെയ്യുക. അപ്പോൾ രജിസ്ട്രേഷൻ സമയത്തു നിങ്ങൾ നൽകിയിരിക്കുന്ന മൊബൈൽ നമ്പറിന്റെ അവസാന 4 അക്കം വെരിഫിക്കേഷനു ആവശ്യപ്പെടും. ശരിയാണെങ്കിൽ Yes എന്നും അല്ലെങ്കിൽ No എന്നും നൽകി ശരിയായ നമ്പർ നൽകുക. ആ സമയം നിങ്ങളുടെ മൊബൈലിൽ ഒറ്റത്തവണ പാസ്വേഡ് ലഭിക്കും. പാസ്വേഡ് നൽകി വീണ്ടും സബ്മിറ്റ് ചെയ്യുക. നിങ്ങളുടെ ആധാർ നമ്പർ ഉൾക്കൊള്ളുന്ന പാസ്വേഡ് ഫോറം ഡൗൺലോഡ് ചെയ്യാൻ തയ്യാറായിട്ടുണ്ടാകും. pdf ഫോർമാറ്റിലുള്ള ഡൗൺലോഡ് മാറ്റർ തുറക്കുന്നതിന് നിങ്ങൾ നൽകിയിരിക്കുന്ന പിൻകോഡ് ആണ് പാസ്വേഡ് ആയി ഉപയോഗിക്കേണ്ടത്.

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- ഈ വർഷത്തെ മലയാറ്റൂർ അവാർഡ് പ്രമുഖകവി പ്രഭാവർമ്മയ്ക്ക്. 'ശ്യാമമാധവം' എന്ന കവിതാസമാഹാരത്തിനാണ് അവാർഡ്.
- കേരളസാഹിത്യ അക്കാദമി അവാർഡ് 2012.
  ചെറുകഥ – പേരമരം (ബാബു പയ്യന്നൂർ)
  നോവൽ – അന്ധകാരനഴി (ഇ. സന്തോഷ്കുമാർ)
  കവിത – ഉപ്പന്റെ കൂവൽ വരയ്ക്കുന്നു (എസ്. ജോസഫ്)
- സമ്പൂർണ്ണ ഇ. പോലീസ് ബഹുമതിക്കായി കേരള പോലീസ് ഒരുങ്ങുന്നു. പോലീസ് സേവനങ്ങൾ വിശാല കമ്പ്യൂട്ടർ ശൃംഖലയുടെ ഭാഗമാക്കുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ആന്റ് സിസ്റ്റം (CCTNS) അതിവേഗം നടപ്പാക്കുകയാണ് കേരളാപോലീസ്. 2000 കോടിയുടെ ഈ കേന്ദ്രപദ്ധതി കേരളം, ആസാം, യു.പി. എന്നിവിടങ്ങളിലാണ് നടപ്പാക്കുന്നത്.
- ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ സന്യാസിനി സഭ – തെരേസ്യൻ കർമ്മലീത്ത സന്യാസിനി സഭ – സ്ഥാപക ദൈവദാസി മദർ ഏലീശ്വയുടെ ചരമശതാബ്ദി 2013 ജൂലായ് 21ന് ആചരിച്ചു. ഈ ദൈവദാസി എറണാകുളം ജില്ലയിലെ കൂനമ്മാവിൽ വൈപ്പിശ്ശേരി എന്ന കുടുംബത്തിൽ 1831ൽ ജനിച്ചു.
- കെ.പി. തോമസ് മാഷിന് ദ്രോണാചാര്യ പുരസ്കാരം. സ്കൂൾ കായികമേളയിൽ കോരുത്തോട് CKMHSS തുടർച്ചയായി 16 വർഷം കിരീടം ചൂടിയത് തോമസ് മാഷിന്റെ ശിക്ഷണത്തിലായിരുന്നു ഈ വർഷം 5 പേർ ഈ പുരസ്കാരത്തിന് അർഹരായി.
- കടൽനിരപ്പിനുതാഴെ നെൽകൃഷി ചെയ്യുന്ന ഇന്ത്യയിലെ ഏക സ്ഥലമായ കുട്ടനാട്ടിലെ കൃഷി രീതിയ്ക്ക് UN ന്റെ ഭക്ഷ്യകാർഷിക സംഘടനയുടെ (FAO) അംഗീകാരപത്രം. ആഗോള പ്രാധാന്യമുള്ള "പൈതൃക കാർഷിക സമ്പ്രദായം" എന്ന നിലയ്ക്കാണ് അംഗീകാരം.
- സാഫ് അണ്ടർ 16 ഫുട്ബോൾ കിരീടം ഇന്ത്യയ്ക്ക്; കാഠ്മണ്ഡുവിൽ ആതിഥേയരായ നേപ്പാളിനെ ഏകപക്ഷീയമായ ഒരു ഗോളിന് ഇന്ത്യ പരാജയപ്പെടുത്തി.
- ഇന്ത്യയിൽ നിർമ്മിച്ച പ്രഥമ വിമാന വാഹിനികപ്പൽ ഐ.എൻ.എസ് വിക്രാന്ത്, ആഗസ്റ്റ് 12ന് പ്രതിരോധമന്ത്രി എ.കെ. ആന്റണിയുടെ ഭാര്യ എലിസബത്ത് നീറ്റിലിറക്കി. 260 മീറ്റർ നീളമുള്ള ഈ വിമാനവാഹിനിയുടെ 1-ാം ഘട്ടമാണ് പൂർത്തിയായത്. അത്യാധുനിക വിമാനങ്ങളും

ഹെലികോപ്റ്ററുകളും മിസൈലുകളും റഡാറുകളടക്കമുള്ള സന്നാഹ ങ്ങളുള്ള ഈ കപ്പലിൽ 1450 നാവികസേനാംഗങ്ങളുണ്ടാകും. സ്വന്ത മായി വിമാനവാഹിനി കപ്പൽ രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്ന 5-ാ മത്തെ രാജ്യമായി ഇന്ത്യമാറി. യുഎസ്എ, റഷ്യ, യുകെ, ഫ്രാൻസ് എന്നിവയാണ് മറ്റു നാലു രാജ്യങ്ങൾ. കൊച്ചി കപ്പൽ നിർമ്മാണശാല യിലാണ് ഈ കപ്പൽ നിർമ്മിച്ചത്.

- തമിഴ്നാട് സ്വദേശിയായ പി. സദാശിവം ഇന്ത്യയുടെ 40-ാമത് ചീഫ് ജസ്റ്റിസായി ചുമതലയേറ്റു. അൽതമാസ് കബീർ വിരമിക്കുന്ന ഒഴിവി ലാണ് ജസ്റ്റിസ് പി. സദാശിവത്തിന്റെ നിയമനം.
- ഇന്ത്യയുടെ അത്യാധുനിക കാലാവസ്ഥ പ്രവചന ഉപഗ്രഹമായ ഇൻസാറ്റ് - 3 ഡി. ഫ്രഞ്ച് ഗയാനയിലെ കോറൗയിൽ നിന്ന് വിജയകര മായി വിക്ഷേപിച്ചു. ആരിയൻ - 5 റോക്കറ്റുപയോഗിച്ച് 2060 Kg ഭാരമു ള്ള ഈ ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചു.
- ആശുപത്രി കിടക്കയിൽ നെൽസൻ മണ്ടേലയ്ക്ക് ജൂലായ് 18ന് 95-ാം പിറ ന്നാൾ. ഈ ദിനം മണ്ടേല ദിനമായി ഐക്യരാഷ്ട്രസംഘടന ആചരിച്ചു.
- അർബുദകോശങ്ങളെ തിരിച്ചറിയാൻ കഴിയുന്ന ഇലക്ട്രോണിക് ശസ്ത്ര ക്രിയാ കത്തികൾ ലണ്ടൻ ഇമ്പീരിയൽ കോളേജിലെ ഗവേഷകർ വിക സിപ്പിച്ചെടുത്തു. ട്യൂമറും നല്ല കോശങ്ങളും വേർതിരിക്കാനുള്ള പ്രയാസം "ഐ നൈഫ്" എന്ന കത്തി വരുന്നതോടെ ഇല്ലതാകും.

---

# കുടുംബസമ്മേളന കേന്ദ്രസമിതി

കേന്ദ്രസമിതിയുടെ ജനറൽ ബോഡിയോഗം 28-07-2013 ഞായറാഴ്ച ബഹു.വികാരി റവ. ഫാ. ജോസ് മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ ആദ്യ കുർബാനയ്ക്കുശേഷം ചേർന്നു. കേന്ദ്രസമിതി പ്രസിഡണ്ട് ശ്രീ. തോമസ് കോപ്പുള്ളി സ്വാഗതമാശംസിച്ചു. തിരുനാളാഘോഷങ്ങൾ വിജയിപ്പിക്കുന്ന തിന് യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ചും യൂണിറ്റു കളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കേണ്ടതിനെകുറിച്ചും പ്രസിഡണ്ട് സ്വാഗത പ്രസംഗത്തിൽ പരാമർശിച്ചു. തുടർന്ന് വികാരിയച്ചൻ സംസാരി ച്ചു. 4-ാം തിയ്യതിയിലെ പതാക പ്രയാണം, സംഭാവന പിരിയ്ക്കൽ, നേർച്ച ഊട്ട്, തുടങ്ങി എല്ലാ കാര്യങ്ങളിലും കേന്ദ്രസമിതി അംഗങ്ങൾ സജീവമായി രംഗത്തിറങ്ങണമെന്നും, യൂണിറ്റുകളിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യണ മെന്നും, കുടുംബ യൂണിറ്റുകളിൽ സ്ഥിരമായി പങ്കെടുക്കാത്തവരുണ്ടെങ്കിൽ, യൂണിറ്റ് ഭാരവാഹികൾ അവരുമായി സംസാരിച്ച് യൂണിറ്റുകളിൽ അവരുടെ സഹകരണം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധ്യപ്പെടുത്ത ണമെന്നും വികാരിയച്ചൻ ഉദ്ബോധിപ്പിച്ചു. സെക്രട്ടറി ഷേർളി തോബിയാസ് അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. സെന്റ് ആന്റണീസ് II യൂണിറ്റ് പ്രസിഡണ്ട് ജോർജ് എറാട്ടുകാരൻ നന്ദി രേഖപ്പെടുത്തി.

## വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>നിർമ്മലപുരം | ആലപ്പാടൻ<br>കാട്ടുക്കാരൻ | ജോണി + ബേബി<br>ജോസ് + മോളി | ജോബി<br>ജോനിറ്റ | 24-07-2013 |

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | വടക്കൂടൻ | ജിനേഷ് + റിൻസി | ആൻഡ്രിയ (ആനി) | 27-3-2013 | 21-7-2013 |
| മാപ്രാണം | തേറാട്ടിൽ | വിൻസൻ + ഷിനിൽ | സെരെന (ക്ലാര) | 2-8-2012 | 11-8-2013 |
| ളാലം<br>പാല രൂപത | മൂന്നുതൊട്ടിയിൽ | ജോബിൻ + റീന | സെബാൻ തോമസ്<br>(സെബാസ്റ്റ്യൻ) | 3-4-2013 | 15-8-2013 |

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചാലിശ്ശേരി ലോനപ്പൻ ഭാര്യ കുഞ്ഞന്നം | 25-7-2013 | സെന്റ് റോസ് |
| കുറ്റിക്കാടൻ ജോർജ്ജ് ഭാര്യ റോസി | 29-7-2013 | സെന്റ് സേവിയേഴ്സ് |
| വട്ടക്കുഴി റപ്പായി ജോസ് | 8-8-2013 | സെന്റ് അൽഫോൻസ |
| മുട്ടത്ത് പൊറിഞ്ചു തങ്കച്ചൻ | 14-8-2013 | സെന്റ് മേരീസ് 1 |



## നന്ദി... ഒത്തിരിയേറെ നന്ദി...

വൈദിക പരിശീലനത്തിന്റെ ഭാഗമായി നമ്മുടെ ഇടവകയിൽ കഴിഞ്ഞ 5 മാസം ഡീക്കൻ മിനിസ്ട്രി ചെയ്ത്, തുടർ പരിശീലനത്തിനും, ശുശ്രൂഷാപൗരോഹിത്യ സ്വീകരണത്തിന്റെ അടുത്ത ഒരുക്കത്തിലേക്കും പ്രവേശിക്കുന്ന ബഹു. ഡീക്കൻ ബിനോജ് തെക്കേക്കരയ്ക്ക് മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ഇടവക സമൂഹത്തിന്റെ ആത്മാർത്ഥമായ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു. പൗരോഹിത്യം സ്വീകരിച്ച് വിശുദ്ധിയോടെ ക്രിസ്തുവിനുവേണ്ടി വേല ചെയ്ത് തന്റെ ശുശ്രൂഷാജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ കുരിശുമുത്തപ്പൻ അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ........................................................................................................

വീട്ടുപേര് ..................................................................................................

മതബോധന ക്ലാസ്സ് ......................................................................................

യൂണിറ്റ്.......................................................................................................

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. LP - UP വിഭാഗത്തിൽ വെവ്വേറെ സമ്മാനം ഉണ്ടായിരിക്കും.

NB : ഹോളി വോയ്സ് ബോക്സിൽ സെപ്തം. 20ന് മുമ്പ് നിക്ഷേപിക്കേണ്ടതാണ്.

# ബൈബിൾ കലണ്ടർ : സെപ്റ്റംബർ - 2013

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>മത്താ 13:1-9, 18-23<br>2 തെസ 2:15-3:3<br>നിയ 7:7-11 | **2**<br>മത്താ 19:27-30<br>വെളി 7:9-17 | **3**<br>മത്താ 22:23-33<br>2 തിമോ 2:14-17a | **4**<br>മത്താ 7:1-6<br>1 തിമോ 6:11-16 | **5**<br>മർക്കോ 8:11-21<br>2 പത്രോ 2:4-10 | **6**<br>ലൂക്കാ 17:20-37<br>1 പത്രോ 1:22-25 | **7**<br>മത്താ 8:5-13<br>1 പത്രോ 2:11-19 |
| **8**<br>മത്താ 13:24-30<br>ഫിലി 1:12-25<br>നിയ 7:12-16 | **9**<br>മർക്കോ 13:3-9<br>2 തിമോ 4:1-4 | **10**<br>ലൂക്കാ 6:27-36<br>1 യോഹ 2:12-17 | **11**<br>ലൂക്കാ 21:25-33<br>2 തിമോ 3:10-17 | **12**<br>ലൂക്കാ 21:34-36<br>1 യോഹ 2:18-21 | **13**<br>മത്താ 7:15-20<br>1 യോഹ 4:1-6 | **14**<br>ലൂക്കാ 24:13-35<br>1 കോറി 1:18-31 |
| **15**<br>മത്താ 4:12-17<br>ഫിലി 2:1-11<br>നിയ 8:11-20 | **16**<br>മർക്കോ 10:35-45<br>1 തെസ 2:13-20 | **17**<br>മത്താ 23:29-36<br>2 പത്രോ 3:1-7 | **18**<br>മത്താ 24:29-36<br>1 തെസ 4:13-18 | **19**<br>മത്താ 24:45-51<br>1 തെസ 5:23-28 | **20**<br>ലൂക്കാ 4:31-37<br>2 തിമോ 2:1-7 | **21**<br>മത്താ 9:9-13<br>ഹെബ്രാ 11:23-26 |
| **22**<br>മത്താ 17:14-27<br>ഫിലി 3:1-11<br>നിയ 9:1-8 | **23**<br>യോഹ 8:39-47<br>1 യോഹ 3:13-21 | **24**<br>മത്താ 10:26-33<br>യാക്കോ 3:1-8 | **25**<br>മത്താ 21:18-22<br>2 കോറി 13:5-10 | **26**<br>മത്താ 11:11-19<br>2 പത്രോ 1:10-15 | **27**<br>മത്താ 15:1-9<br>2 പത്രോ 1:20-2:3 | **28**<br>ലൂക്കാ 21:5-6, 20-24<br>1 യോഹ 2:1-6 |
| **29**<br>മത്താ 15:21-28<br>ഫിലി 4:4-9<br>നിയ 9:13-24 | **30**<br>മർക്കോ 8:31-38<br>ഫിലി 1:21-26<br>നിയ 7:1-11 | | | | | |